# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3780

15.12.2014-ൽ മറുപടിക്ക്

## വിദേശക്കപ്പലുകൾക്ക് മത്സ്യബന്ധനത്തിന് അനുമതി നൽകിയിട്ടുള്ള ദൂരപരിധി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം.ഹംസ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ കടൽത്തീരത്തു നിന്നും എത്ര നോട്ടിക്കൽ മൈൽ അകലെ വരെയാണ് വിദേശക്കപ്പലുകൾക്ക് മത്സ്യബന്ധനത്തിന് അനുമതി നൽകിയിട്ടുള്ളത്; പ്രസ്തുത പരിധി ലംഘിച്ച് വിദേശ കപ്പലുകൾ മത്സ്യബന്ധനം നടത്തുന്ന കാര്യം ശ്രദ്ധയിലുണ്ടോ; | (എ) | കടൽ തീരത്തുനിന്നും 24 നോട്ടിക്കൽ മൈലിനപ്പുറം 200 നോട്ടിക്കൽ മൈൽ വരെയാണ് കടലിലെ Exclusive Economic Zone. ഈ മേഖലയിലാണ് വിദേശക്കപ്പലുകൾക്ക് കേന്ദ്ര ഗവൺമെന്റ് മത്സ്യബന്ധനത്തിന് അനുമതി നൽകുന്നത്. പ്രസ്തുത ദൂരപരിധി ലംഘിച്ച് വിദേശ കപ്പലുകൾ മത്സ്യബന്ധനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വിദേശക്കപ്പലുകൾ അപ്രകാരം മത്സ്യബന്ധനം നടത്തുന്നത് മത്സ്യസമ്പത്ത് കുറയുവാൻ കാരണമായെന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ, അതു തടയുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കാമോ; | (ബി) | വിദേശ കപ്പലുകൾ ദൂരപരിധി ലംഘിച്ച് മത്സ്യബന്ധനം നടത്തുന്നത് മത്സ്യസമ്പത്ത് കുറയുന്നതിന് കാരണമായിട്ടുണ്ടെന്ന് മത്സ്യത്തൊഴിലാളികൾ പരാതി ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ശാസ്ത്രീയ പഠനങ്ങൾ ഫിഷറീസ് വകുപ്പ് നടത്തിയിട്ടില്ല. ഇപ്രകാരമുള്ള മത്സ്യബന്ധനം തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള അധികാരം കേന്ദ്ര സർക്കാരിനാണ്. |
| (സി) | കടലിലെ മത്സ്യസമ്പത്ത് കുറയാനിടയായ സാഹചര്യം പഠിക്കുന്നതിനായി വിദഗ്ദ്ധ സമിതിയെ നിയമിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

Jayasree

സെക്ഷൻ ഓഫീസർ